## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1603** — **04.12.2018 ൽ മറുപടിയ്ക്ക്**

### കർഷക പെൻഷൻ വരുമാന പരിധി

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കർഷക പെൻഷൻ വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇപ്പോൾ കുടിശ്ശികയുള്ള പെൻഷൻ എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. നിലവിൽ 2018 ജൂലൈ മാസം വരെയുള്ള കർഷക പെൻഷൻ നൽകിയിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം മുതൽ 2018 നവംബർ മാസം വരെയുള്ള കുടിശ്ശിക നൽകുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. പെൻഷൻ തുക ഒരാഴ്ചയ്ക്കകം തന്നെ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) കർഷക പെൻഷന് വരുമാന പരിധി നിശ്ചയിച്ചതിനാൽ എത്ര പേർക്കാണ് ഇപ്പോൾ പെൻഷൻ നഷ്ടമായതെന്ന് അറിയിക്കാമോ; | ബി) കർഷക പെൻഷന് 03/03/2017- ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 28/2017/കൃഷി പ്രകാരം കർഷകന്റെ വാർഷിക വരുമാന പരിധി ഒന്നര ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ വരുമാന പരിധി നിശ്ചയിച്ചതിനാൽ 22,656 പേർക്ക് പെൻഷന് അർഹത നഷ്ടപ്പെട്ടിട്ടുണ്ട്. |
| സി) അർഹതപ്പെട്ട കർഷകർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | സി) അർഹതപ്പെട്ട കർഷകർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള കർഷക പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ സേവന പോർട്ടലിൽ ആധാർ നമ്പർ സഹിതം ചേർക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. |

Mayal

**സെക്ഷൻ ഓഫീസർ**